# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 345 16.12.2014- ൽ മറുപടിക്ക്

### കൈത്തറി മേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി മേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപനങ്ങൾ നടത്തിയെങ്കിലും പ്രസ്തുത പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്കായി യാതൊന്നും ചെയ്തില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) കൈത്തറി മേഖലയിൽ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കാൻ കഴിയുന്ന നിലയിൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) ഉണ്ട്. ഉൽപാദനക്ഷമത കൂട്ടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി നെയ്ത്തുകാർക്ക് പ്രചോദന പരിപാടി 2012-13 മുതൽ നടപ്പിലാക്കി വരുന്നു. പുതിയ ആൾക്കാരെ കണ്ടെത്തി നെയ്ത്തിൽ പരിശീലനം നൽകി നെയ്ത്തു മേഖലയിലേക്ക് കൊണ്ടു വന്നു. ഉൽപാദനം കൂട്ടുന്നതിനുള്ള നടപടികൾ എടുത്ത് വരുന്നു. കൈത്തറി മേഖലയിൽ പുതിയ ഉൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സംരഭകരെ സഹായിക്കുന്നതിനായി 2012 സാമ്പത്തിക വർഷം മുതൽ സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കിവരുന്നു. |

കുറഞ്ഞത് 10 തറിയെങ്കിലും സ്ഥാപിച്ച് നെയ്ത്തു തുടങ്ങുന്നതിന് ഈ പദ്ധതി പ്രകാരം ഫിക്സഡ് ക്യാപ്പിറ്റലിന്റെ 40%വും (പരമാവധി 4 ലക്ഷം രൂപയും) വർക്കിംഗ് ക്യാപ്പിറ്റലിന്റെ 30%വും (പരമാവധി 1.50 ലക്ഷം രൂപയും) മാർജിൻ മണി സഹായമായി നൽകുന്നു. പദ്ധതി ചെലവിന്റെ 10% സംരഭകൻ എടുത്തിരിക്കണം. വിവിധ ജില്ല കളിലായി 38 പേർക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. 38 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൈത്തറി മേഖലയിൽ ഉൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും മാസ്റ്റർ വീവേഴ്സിനെ സഹായിക്കുന്നതിനും, മാർജിൻ മണി ഗ്രാന്റ്, ടെക് നോളജി അപ്ഗ്രഡേഷൻ, തറിവാങ്ങുന്നതിനും, പുതിയ ഡിസൈൻ, പരിശീലനം എന്നിവയ്ക്കായി 1,28,125/- രൂപ നൽകി വരുന്നു. ആകെ 73 മാസ്റ്റർ വീവേഴ്സിന് ഈ പദ്ധതിപ്രകാരം കഴിഞ്ഞ 3 വർഷങ്ങളിൽ ഗ്രാന്റ് നൽകുകയുണ്ടായി.

സെക്ഷൻ ഓഫീസർ